62 nd Kerala School Kalolsavam, January 4 to 8, 2024, Kollam

Item Code: 640 Participant Code: 104

# ചവച്ചുതുപ്പിയ തീരം

ആകാശത്തെ കരിമേഘ-
ങ്ങൾക്ക് താഴെ തിരകൾ തീരത്തെ തൊട്ടുകൊണ്ട്
ഇരുന്നു. നിത്യവും കാണുന്ന തീരത്തിന്റെ
അപ്പുറമെത്താൻ അവയ്ക്ക് തിടുക്കം ഏറെയാണ്
എന്നാൽ ഇടയ്ക്ക് തിരികെ വിളിയ്ക്കുന്ന
കടലമ്മയുടെ മാറിലേക്ക് തിരകൾ നീന്തിക്കൊ-
ണ്ടിരുന്നു. സ്വർണവർണമുള്ള തിളങ്ങുന്ന
മണൽത്തരികളിലൂടെ കുഞ്ഞുഞണ്ടുകൾ
ഓടിക്കൊണ്ടിരുന്നു. എല്ലാം ചലിക്കുന്നു.
അങ്ങകലെ പഞ്ഞിമിഠായി വിൽക്കുന്ന
ചേട്ടൻ അവളെ നോക്കിച്ചിരിച്ചു. കീറിപ്പോയ
ഉടുപ്പിലെ പോക്കറ്റിൽനിന്ന് തുരുമ്പെടുത്ത
നാണയം അവൾ എണ്ണിനോക്കി. കൃത്യം
പത്ത് രൂപയുണ്ട്. അവൾ അതുമെടുത്ത്
ഓടാൻ തുടങ്ങിയപ്പോൾ എന്തോ
കൈയ്യിൽനിന്ന് ഒലിച്ചിറങ്ങും പോലെ....
കൈകളിലേക്ക് നോക്കിയപ്പോൾ അത്

62 nd Kerala School Kalolsavam, January 4 to 8, 2024, Kollam

Item Code: ...............................                Participant Code: 104

രക്തമാണ്. കട്ടച്ചോര.

"അമ്മൂ, പെട്ടെന്ന് എണീച്ചേ. എന്തൊരു ഉറക്കമാണിത്. എത്ര നേരമായി ഞാൻ വിളിക്കുവാ. എനിക്ക് പോകാറായി. എന്റെ പൊന്നുമോള് ഇവിടെ തന്നെ ഇരിയ്ക്കണം. എങ്ങും പോവരുത്. ഞാൻ ദോശ വാങ്ങി വരാട്ടോ"

'ചേട്ടാ. ഞാനൊരു സ്വപ്നം കണ്ട്. എനിക്ക് പേടിയാവണ്. ഞാനും ചേട്ടന്റെ കൂടെ വരാം.'

'അതൊന്നും വേണ്ടാ. അവിടെ നിറയെ അഴുക്കല്ലേ. ഞാൻ പെട്ടെന്ന് വരും. മോള് ഇവിടെ ഇരുന്നോ!'

... തന്റെ പ്രായത്തിലധികമായി ഉത്തരവാദിത്വം കാണിക്കേണ്ടിവന്ന ആ എഴ് വയസ്സുകാരൻ ഭാണ്ഡക്കെട്ടും കരിപിടിച്ച പാത്രവുമെടുത്ത് പോയി. ഒരു ചുഴലിയിളക്കത്തിൽനിന്ന് പിടഞ്ഞെണീറ്റപോലെ അഞ്ചു വയസ്സുള്ള അമ്മു

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

തന്റെ സ്വപ്നത്തെപ്പറ്റി ഓർത്തുകൊണ്ടിരു-
ന്നു. 'എത്ര നാളായി പഞ്ഞിമിഠായി
വാങ്ങിത്തരാൻ പറയുവാ.'
ചൂളമടിച്ചുവന്ന കാറ്റിന്റെ ഇരമ്പം കേട്ട്
അവൾ വെറുതേ തീരത്തേക്കിറങ്ങി.
ആകാശത്തിലെ കരിമേഘപ്പടർപ്പ് അവളിൽ
ആശ്ചര്യം ഉണർത്തി. 'അമ്മയ്ക്ക് ഇനിയും
സ്വർഗത്തീന്ന് വന്നൂടേ; എത്ര നാളായി
പോയിട്ട്. അമ്മ വരുംന്ന് ചേട്ടൻ എപ്പഴും
പറയും. എന്നാലും ഇവിടെ കാണൂല!
'ഇന്ന് ചേട്ടൻ കാണാതെ മഴ നനയണം..
മഴമുത്തശ്ശിയോട് എന്നെ സ്വർഗത്തില്
കൊണ്ടോവാൻ പറയാം. അമ്മയെ കണ്ടിട്ട്
അവിടന്ന് പഞ്ഞിമിഠായി മേടിച്ച് ആരും
അറിയാതെ തിരിച്ചു വന്ന് ചേട്ടൻ ചേട്ടന്
മിഠായി കൊടുക്കണം. അപ്പൊ നല്ല
രസംണ്ടാവും.'
കടൽത്തീരത്തിന്റെ അങ്ങേ അറ്റത്ത്
ആരോ കുഴിച്ചിട്ട് കളഞ്ഞുകിടക്കുന്ന

ഐസ്ക്രീം കവർ. അവളെ വെറുമൊരു കുട്ടിയാക്കി. ഓടിച്ചെന്ന് അതെടുത്ത് നോക്കിയ. അതിൽ കുറച്ച് ബാക്കിയുണ്ട്. മണ്ണുപുരണ്ട കൈവിരൽ കൊണ്ട് ആ ഐസ്ക്രീം കോരിയെടുത്ത് വായിൽവെച്ചപ്പോൾ അവൾ ആകാശം വരെ പാറിപ്പറക്കുന്ന ഒരു പൂമ്പാറ്റയായി.

കുറച്ചകലെ ഒരുവനെടുത്ത ഭിക്ഷപാത്രവും പിടിച്ച് അപ്പു നടക്കുകയാണ്. അടുത്തുള്ള കടയിലിരുന്ന് കുറച്ചുപേർ ഭക്ഷണം കഴിക്കുന്ന ആ പാത്രത്തിൽനിന്ന് ഒരു ദോശ താഴെ വീണപ്പോൾ അവന്റെ വായിൽ വെള്ളമൂറി. ഭക്ഷണത്തിന് രുചി പോര എന്ന് പറഞ്ഞ് അവർ ദോശയും കറിയും അടുത്തുള്ള ചവറ്റുകൊട്ടയിലെറിഞ്ഞു. അത് നോക്കി അപ്പു നെഞ്ചിൽ കൈവെച്ച് മിണ്ടാതിരുന്ന അവരെല്ലാം കൈകഴുകി തിരികെ വന്നപ്പോൾ അവൻ പറഞ്ഞു: ' ചേട്ടാ, വിശക്കുന്നു ചേട്ടാ. എന്തെങ്കിലും തരണേ. എന്തെങ്കിലും

'കുട്ടിപ്പിശാച്. ഇവിടെയുമുണ്ടോ. ഒന്നുമില്ല. താൻ ഇറങ്ങിപ്പോയ്ക്കോ'.

'ചേട്ടാ, വിശ. വെശക്കുന്നു ചേട്ടാ.. ഒന്നും ഞാൻ തിന്നിട്ടില്ല.. എന്തെങ്കിലും തരണേ'.

'ശല്യം'. എന്ന് പറഞ്ഞ് പുറത്തേക്കിറങ്ങിയപ്പോൾ. അപ്പു അയാളുടെ കൈയ്യിലൊന്ന് പിടിച്ചു. അതുകഴിഞ്ഞ് കാലിൽ ഇരുകൈകളുമുപയോഗിച്ച് മുറുകെപ്പിടിച്ച് കരയാൻ തുടങ്ങി.. 'കാലീന്ന് വിടടാ നാണമില്ലാത്തവനെ' എന്നുറക്കെ ആക്രോശിച്ച് അയാൾ തന്റെ ബലിഷ്ഠമായ കൈ ഉപയോഗിച്ച് അപ്പുവിന്റെ തലയ്ക്കടിച്ചു.

'അമ്മേ'. എന്ന് വിളിച്ച് അപ്പു മലർന്ന് വീണു. അവന്റെ ഭാണ്ഡക്കെട്ടും. ഭിക്ഷപാത്രവും തെറിച്ചുപോയി. ചെവികളും കവിളും തലച്ചോറുമുൾപ്പെടെ സകലതും വിറച്ചു വീണപോലെ. അവന്റെ കണ്ണുകൾ പെട്ടെന്ന് അടഞ്ഞു. അവൻ എന്തൊക്കെയോ കേൾക്കുന്നു.

'നീയെന്താ കാണിച്ചേ, ചത്തോ? പൈസ .......
കൊടുത്താലോ.., ഏയ് അതെയ്ക്കില്ല, .......
ഞാനറിയാതെ., എന്തു ചെയ്യും.., ആരും .......
അറിയണ്ട, ഒതുക്കിവിട്, ആ, ദേ, ഇവിടെത്ത-
ന്നെ!' - അങ്ങനെ എന്തെല്ലാമോ............
പക്ഷെ, ..........................

അവിടെ മഴ പെയ്യുന്നു. മഴ, സാന്ദ്രതാളമാ-
യി, അനർഘമായി, രാവിനേയും പകലിനേയും
ചുംബിച്ച്, തീരത്തെയും ആകാശത്തെയും
പോഷിപ്പിച്ച് മഴ പെയ്യുന്നു. മഴ.............
'എന്നാൽ എന്റെ അമ്മുമോള്!'...........
അവൻ പതിയെ ഒരു ബോധക്കേടിനെ . .
പുണരുകയായിരുന്നു. ....................

..................................

'എത്ര നേരായി ചേട്ടൻ പോയിട്ട്. എനിക്ക് . . .
വിശക്കുന്നു. ദോശ വാങ്ങിത്തരാന്ന് . . . .
പറഞ്ഞിട്ട് എന്താ വരാത്തെ. നോക്കിക്കോ,
ഞാൻ അമ്മ സ്വർഗത്തീന്ന് വരുമ്പം. . . .
പറഞ്ഞുകൊടുക്കും. അല്ലെങ്കില് ഞാൻ.

മഴമുത്തശ്ശീടെ കൂടെ സ്വർഗത്തില് പോവും.
ചേട്ടൻ എന്നെത്തിരക്കി കൊറച്ച്
നടക്കട്ടെ. ഇനിയിപ്പൊ. പറഞ്ഞിമിറായി
വാങ്ങിത്തന്നാലെ ഞാൻ ചേട്ടനോട്
മിണ്ടൂ'.

കാറ്റിന്റെ ഇരമ്പലും മഴയുടെ ചൂളമടിയും
അവൾക്കും കുളിരേകി. മഴയത്തിറങ്ങി
മഴമുത്തശ്ശിയെ കാണാൻ അവൾക്ക്
കൊതിയായി. 'ചേട്ടനെന്തിനാ മഴയത്ത്
എറങ്ങല്ലെന്ന് പറേണെ? ഒറ്റയ്ക്ക്
പുറത്തെറങ്ങല്ലെന്ന് പറേണെ? പറഞ്ഞിമി-
റായി. ഞാൻ വരണ ചേട്ടന്റടുത്ത്. എന്തിനാ
പോവല്ലെന്ന് പറേണെ?. ഞാനിന്ന്
പോവും. പറഞ്ഞിമിറായി. തിന്നലും, മഴമുത്ത-
ശ്ശിയെ കാണും, സ്വർഗത്തില് പോവും,
ഒക്കെച്ചെയ്യും. നോക്കിക്കോ'.

വിതുമ്പിനിൽക്കുന്ന മേഘപ്പടർപ്പിൽ
നിന്ന് ആദ്യത്തെ കണ്ണീർ അവളുടെ
കുഞ്ഞുചുണ്ടിനെ തലോടി. പിന്നെ

മാനം പൊട്ടിപൊട്ടിക്കരഞ്ഞു. അവിടെ
പാട്ടുപാടി നിൽക്കുമ്പോൾ അകലെ
ആരോ നിൽക്കുന്നതവൾ കണ്ടു.
കൈയ്യിൽ നല്ല വെള്ളനിറത്തിലുള്ള
പഞ്ഞിമിഠായി. മഴയത്ത് നനയാതിരിക്കാൻ
അയാൾ ടാർപ്പ മറച്ച കടയിൽ അത്
അടുക്കിവെച്ചു. ഒരു പഞ്ഞിമിഠായി
അവളുടെ നേരെ നീട്ടി അങ്ങോട്ട്
വിളിച്ചു. കാറ്റിന്റെ ഇരമ്പൽ, മഴയുടെ
താളം, മധുരമുള്ള പഞ്ഞിമിഠായി.

കുറച്ചുപുറത്ത് അപ്പു ഉറക്കമുണർന്നപ്പോൾ
എട്ടോളം കണ്ണുകൾ അവനെത്തന്നെ
നോക്കുന്നു. ചെവിക്കകത്ത് എന്തോ
ഒരു മൂളൽ പോലെ തന്നെ
കൈനീട്ടി അടിച്ച ചേട്ടൻ പേടിച്ച്
നിൽക്കുകയാണ്. അയാളുടെ നെഞ്ചിൽ
ആർദ്രത പടർന്നിട്ടുണ്ട്. അയാൾ
തന്റെ ചുമലിൽ കൈവെച്ച ശേഷം

പതിയെ ചോദിച്ചു. 'മോനെന്താ വേണ്ടത്?'
ഒന്നും മിണ്ടാതെ നിന്ന അപ്പുവിന്റെ കൈയ്യിൽ
അയാൾ ഭക്ഷണപ്പൊതി വച്ചുകൊടുത്തതും
കുഴിഞ്ഞുപോയ അവന്റെ കണ്ണുകൾ
വിടർന്നു. 'മോന് വേറെന്ത് വേണം?'
'ഒന്നും വേണ്ടാ. വേഗം പോണം. ചാടിയിറങ്ങി-
യപ്പോൾ പഞ്ഞിമിഠായികൾ അവന്റെ കണ്ണിൽ
തറച്ചു. 'ഒരു പഞ്ഞിമിഠായി തരോ?'. അയാൾ
അതേ ആർദ്രതയിൽ അവന് ഒത്തിരി
പഞ്ഞിമിഠായി നൽകി. അമ്മുവിന് കൊടുക്കാൻ
പഞ്ഞിമിഠായി ആദ്യമായി വാങ്ങി അവൻ
ഓടിപ്പോയി. മഴ തോർന്ന തീരത്ത്
അവൻ ആവേശത്തിൽ ഓടിയെത്തി.
'അമ്മു എവിടെ പോയി? അമ്മൂനെ
കാണുന്നില്ലല്ലോ!
അമ്മു കിടന്നിടത്തും നടന്നിടത്തുമെല്ലാം
അവൻ ഓടിയോടി നടന്നു. 'അമ്മൂ, അമ്മൂ'
എന്നിടയ്ക്കിടെ അലറിവിളിച്ച് അവൻ
ഓടിക്കൊണ്ടേയിരുന്നു. തിരകൾക്കിടയിൽ

പോലും. അവൻ. അമ്മുവിനെ. തിരക്കി..
ടാർ പൂ. കെട്ടിയ. വീടിനുള്ളിൽ. കയറിയപ്പോൾ.
നക്കിത്തുടച്ച. ഒരു. ഐസ്ക്രീം. പാത്രം....
അവന്റെ. കണ്ണിലെത്തി. വാങ്ങിവന്ന......
പത്തിരിപ്പായി. പലതും. തീരത്തെ ......
ചൂർക്കിയ. തിരയിൽ. അന്ത്യവിശ്രമം......
കൊണ്ടു........

വൈകുന്നേരം. വരെ. അവൻ. അമ്മുവിനെ
നോക്കി. നടന്നു.. കണ്ടില്ല.........
ആകാശം. വീണ്ടും. കരിമേഘങ്ങളിൽ....
നിറഞ്ഞു. അത് വീണ്ടും. വിതുമ്പാൻ.....
തുടങ്ങി. ദൂരെനിന്ന്. ഒരു. പെൺകുട്ടിയു-
ടെ. പൊട്ടിച്ചിരി. അവൻ. കേട്ടു.......

കടൽ. വീണ്ടും. ശാന്തമായി. ഒഴുകി. തീരത്തെ
ചുംബിച്ച തിരകൾ. നിത്യസന്ദർശനം......
നടത്തി. ആകാശത്തിന്റെയും. കടലിന്റെയും.
ചുംബനത്തിന്. മഴ. ദൂത്. പൊയ്ക്കൊണ്ടി-
രുന്നു.....

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).